# കേരള സർക്കാർ

**സംഗ്രഹം**

ഇലക്ഷൻ വകുപ്പ് - ലോക് സഭാ ഇലക്ഷൻ 2019 – പരിസ്ഥിതി സൗഹൃദ തെരഞ്ഞെടുപ്പ് നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗരേഖകൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഇലക്ഷൻ (ജനറൽ) വകുപ്പ്

**സ.ഉ (സാധാ) നം. 118/2019/ഇലക്.** **തിരുവനന്തപുരം, തീയതി 12/03/2019**

പരാമർശം 1) കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ 17.01.2019 ലെ 12/79/2018-HSMD(Pt.) നമ്പർ കത്ത്

2) കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ 26.02.2019 ലെ 4/3/2019/SDR നമ്പർ കത്ത്

3) ബഹു. കേരള ഹൈക്കോടതിയുടെ 11.03.2019 ലെ ഇടക്കാല ഉത്തരവ്

## ഉത്തരവ്

ആസന്നമായ ലോകസഭാ തിരഞ്ഞെടുപ്പ് പരിസ്ഥിതി സൗഹൃദ തിരഞ്ഞെടുപ്പ് ആയി നടത്തുന്നതിന്റെ ഭാഗമായി ഹരിത പരിപാലനചട്ടം വിജയകരമായി നടപ്പാക്കേണ്ടതുണ്ട്. ആയതിനാൽ മനുഷ്യനും, പരിസ്ഥിതിയ്ക്കും ആപൽക്കരമായ പ്ലാസ്റ്റിക്, പി.വി.സി, ഡിസ്പോസിബിൾ വസ്തുക്കൾ മുതലായവ പരമാവധി ഒഴിവാക്കി പുനരുപയോഗിക്കുവാൻ കഴിയുന്നതും, പുനഃചംക്രമണത്തിനു വിധേയമാക്കുവാൻ സാധിക്കുന്നതുമായ പരിസ്ഥിതി സൗഹൃദ വസ്തുക്കളുപയോഗിച്ച് 2019 ലെ ലോകസഭാ തിരഞ്ഞെടുപ്പ് പരിസ്ഥിതി സൗഹാർദ്ദമായി നടത്തുവാനുള്ള പരാമർശം (2) ലെ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശങ്ങളുടെയും പരാമർശം (3) ലെ ബഹു. കേരള ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെയും അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. വിവിധ സ്ഥാനാർത്ഥികളും, രാഷ്ട്രീയ പാർട്ടികളും, തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ഉപയോഗിക്കുന്ന ബോർഡുകൾ, ബാനറുകൾ, തുടങ്ങിയവ നിർമ്മിക്കുന്നതിന് പ്ലാസ്റ്റിക്, പി.വി.സി മുതലായ വസ്തുക്കൾ ഉപയോഗിക്കുന്നതിന് പകരം പുനഃചംക്രമണം ചെയ്യാവുന്നതും, പരിസ്ഥിതിയ്ക്ക് അനുയോജ്യമായതുമായ പ്രകൃതി സൗഹൃദ വസ്തുക്കൾ മാത്രം ഉപയോഗിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. രാഷ്ട്രീയ പാർട്ടികൾ പ്രചരണത്തിനും, അലങ്കാരത്തിനുമായി ഉപയോഗിക്കുന്ന കൊടി തോരണങ്ങൾ പൂർണ്ണമായും പ്ലാസ്റ്റിക് , പി.വി.സി വിമുക്തമാക്കേണ്ടതാണ്.

3. തിരഞ്ഞടുപ്പുമായി ബന്ധപ്പെട്ട ഔദ്യോഗിക പരസ്യങ്ങൾ, സൂചകങ്ങൾ, ബോർഡുകൾ തുടങ്ങിയവ കോട്ടൺ തുണി, പേപ്പർ തുടങ്ങിയ പുനഃചംക്രമണം ചെയ്യാൻ കഴിയുന്ന പരിസ്ഥിതി സൗഹാർദ്ദ വസ്തുക്കൾ മാത്രം ഉപയോഗിച്ച് നിർമ്മിക്കേണ്ടതും, എല്ലാത്തരം നിരോധിത പ്ലാസ്റ്റിക് വസ്തുക്കളും, ഡിസ്പോസിബിൾ വസ്തുക്കളും പരമാവധി ഒഴിവാക്കിക്കൊണ്ട് മാലിന്യം രൂപപ്പെടുന്നതിനുള്ള സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

4. പോളിംഗ് ബൂത്തുകൾ/വോട്ടെണ്ണൽ കേന്ദ്രങ്ങൾ എന്നിവയുടെ ക്രമീകരണത്തിനും, ഇലക്ഷൻ സാധന സാമഗ്രികളുടെ കൈമാറ്റത്തിനും പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം പരമാവധി നിയന്ത്രിക്കേണ്ടതാണ്.

(...2)

5. പോളിംഗ് ഉദ്യോഗസ്ഥരും, ഏജന്റുമാരും ഭക്ഷണ പദാർത്ഥങ്ങൾ, കുടിവെള്ളം മുതലായവ കൊണ്ടുവരുവാൻ പ്ലാസ്റ്റിക് ബോട്ടിലുകളും, കണ്ടെയിനറുകളും പരമാവധി ഒഴിവാക്കേണ്ടതാണ്.

6. ഹരിതകേരളം, ശുചിത്വ മിഷൻ എന്നീ ഏജൻസികളുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർ ജില്ലാ, താലൂക്ക് പഞ്ചായത്ത് തലത്തിൽ "ഗ്രീൻ പ്രോട്ടോക്കോൾ ഫെസിലേറ്റഷൻ യൂണിറ്റുകൾ" സജ്ജമാക്കേണ്ടതാണ്.

7. പൊതു തിരഞ്ഞെടുപ്പിനു ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകേരള മിഷൻ, ശുചിത്വ മിഷൻ, സന്നദ്ധ സംഘടനകൾ, വിവിധ രാഷ്ട്രീയ പാർട്ടികൾ തുടങ്ങിയവയുടെ സഹായത്തോടെ ഇലക്ഷൻ ക്യാമ്പയിൻ മെറ്റീരിയലുകൾ നീക്കം ചെയ്ത് ശുചീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

8. തിരഞ്ഞെടുപ്പിന് ഔദ്യോഗികമായി നൽകുന്ന ഫോട്ടോ വോട്ടർ സ്ലിപ്പ് /രാഷ്ട്രീയ പാർട്ടികൾ നൽകുന്ന സ്ലിപ്പുകൾ എന്നിവ പോളിംഗ് ബൂത്തിന്റെ പരിസരങ്ങളിൽ ഉപേക്ഷിക്കുന്ന പ്രവണത കണ്ടു വരുന്നുണ്ട്. ഇത് ഒഴിവാക്കുന്നതിനായി ഇവ ശേഖരിച്ച് കളക്ഷൻ സെന്ററുകളിൽ എത്തിച്ച് സ്ക്രാപ്പ് ഡീലേഴ്സിനു കൈമാറാനുള്ള നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**ടീകാറാം മീണ**
**ചീഫ് ഇലക്ടറൽ ഓഫീസർ**

To

എല്ലാ ജില്ലാ ഇലക്ഷൻ ഓഫീസർമാർക്കും/എല്ലാ റിട്ടേണിംഗ് ഓഫീസർമാർക്കും/
എല്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും /എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ